

ഫോട്ടോ: അജിലാൽ/അനുപമ

"തോറ്റുപോകാമെന്നറിഞ്ഞുകൊണ്ടുതന്നെ,
ദിനേനയെന്നോണം ജീവിതത്തിൽ
അങ്കത്തിനിറങ്ങുന്ന, ഞാനറിയുകയും
സ്നേഹിക്കുകയും ചെയ്യുന്ന, എന്നെക്കാൾ
യോഗ്യരായ ഒരുപാടാളുകളുണ്ട്.
'ജയിക്കുക' എന്നതിന്റെ വൃത്തികെട്ട അർത്ഥത്തിൽ
അവർ തോറ്റുപോയിരിക്കാം.
പക്ഷേ, അതുകൊണ്ടു മാത്രം അവരുടെ ജീവിതം
നിഷ്ഫലമായിപ്പോയിട്ടില്ല....
ലഭിക്കുന്ന അംഗീകാരത്തിനനുസരിച്ച് മാത്രം
നന്മയും കഴിവും അളക്കപ്പെടുന്ന ഒരു ലോകത്ത്,
തോറ്റുപോയേക്കാമെങ്കിൽ കൂടി ജീവിക്കാൻ
യോഗ്യമായ സ്വപ്നങ്ങളുണ്ട്....
സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും
ചെയ്യുക എന്ന സ്വപ്നമാണത്.
അവരവരുടെ എളിമത്തം
മറന്നു പോകാതിരിക്കുകയും,
നമ്മുടെ ചുറ്റുമുള്ള ഹിംസകളോടും
ജീവിതത്തിന്റെ വൃത്തികെട്ട വൈരുദ്ധ്യങ്ങളോടും
രാജിയാകാതിരിക്കുകയും, സാരമായതൊന്നും
നിസ്സാരമാക്കാതിരിക്കുകയും
ലളിതമായതൊന്നും സങ്കീർണമാക്കാതിരിക്കുകയും
എല്ലാറ്റിനും മീതെ ജാഗ്രതയായിരിക്കുകയും,
ഒരിക്കലും മുഖംതിരിച്ചുകളയാതിരിക്കുകയും
ഒരിക്കലുമൊരിക്കലും
മറന്നുപോകാതിരിക്കുകയും ചെയ്യുക
എന്ന സ്വപ്നവുമാണത്"

*അരുന്ധതി റോയ്*